പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 2360 23-03-2012-ൽ മറുപടിക്ക്

ചട്ടലംഘനം നടത്തി നിർമ്മിക്കുന്ന കെട്ടിട നിർമ്മാണത്തിനെതിരെ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.പി.വിൻസെന്റ്: | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| (എ) മുൻസിപ്പൽ കെട്ടിട നിർമ്മാണ ചട്ട പ്രകാരം പൊതുവഴിയിൽ നിന്നും എത്ര സ്ഥലം വിട്ടാണ് നിർമ്മാണ പ്രവർത്തനം നടത്തേണ്ടത്; ആയതിന് വിരുദ്ധമായി നിർമ്മിച്ച കെട്ടിടങ്ങൾ വഴിയുടെ വികസനത്തിന് തടസ്സമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 25-ാം ചട്ട പ്രകാരം സ്ട്രീറ്റിന്റെ മധ്യരേഖയിൽ നിന്നും കുറഞ്ഞത് 5 മീറ്റർ അകലവും റോഡ് അതിരിനോട് ചേർന്ന് പ്ലോട്ടിന്റെ ബൗണ്ടറിയിൽ നിന്ന് 3 മീറ്റർ അകലവും ഉണ്ടായിരിക്കണം. എന്നാൽ കൾ-ഡി-സാക്, നടപ്പാതകൾ, റെസിഡൻഷ്യൽ കോളനികളിലെ വഴികൾ തുടങ്ങിയവയുടെ പാർശ്വങ്ങളിലെ പ്ലോട്ടുകളിലുള്ള നിർമ്മാണങ്ങൾക്ക് ലഘൂകൃത വ്യവസ്ഥകളാണ് ചട്ടങ്ങളിൽ ഉൾപ്പെടുത്തിയി ട്ടുള്ളത്. പ്രസ്തുത ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മിച്ച കെട്ടിടങ്ങൾ വഴിയുടെ വികസനത്തിന് തടസ്സമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത നിർമ്മാണങ്ങൾ പൊളിച്ചുമാറ്റുന്നതിന് കേരള മുനിസിപ്പാലിറ്റി നിയമം അതാത് തദ്ദേശസ്വയം ഭരണ സെക്രട്ടറിമാർക്ക് അധികാരം നൽകുന്നുണ്ട്. |
| (ബി) നിയമ ലംഘനം നടത്തി നിർമ്മിക്കുന്ന കെട്ടിട ഉടമകൾക്കെതിരെ ചട്ടപ്രകാരം സ്വീകരിക്കാവുന്ന നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; മുൻസിപ്പാലിറ്റികളിൽ പൊതുവഴി കെട്ടി അടയ്ക്കുകയും അതിൽ ഗേറ്റ് സ്ഥാപിച്ച് പൂട്ടുകയും ചെയ്യുന്ന വ്യക്തികൾക്കെതിരെ ഏതൊക്കെ ചട്ടപ്രകാരം നടപടി എടുക്കുവാൻ സാധിക്കും; വിശദമാക്കുമോ? | (ബി) കേരള മുനിസിപ്പാലിറ്റി ആക്ട്, കെട്ടിട നിർമ്മാണ ചട്ടങ്ങൾ തുടങ്ങി വിവിധ നിയമ വ്യവസ്ഥകൾക്കു വിരുദ്ധമായി നിർമ്മാണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതോ, പൂർത്തിയാക്കിയിട്ടുള്ളതോ ആയി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം, അത്തരം നിയമ വിരുദ്ധമായ നിർമ്മാണ പ്രവർത്തനം പൊളിച്ചു മാറ്റാനോ, മാറ്റങ്ങൾ വരുത്താനോ ആവശ്യപ്പെട്ടുകൊണ്ടുള്ള താത്കാലിക ഉത്തരവ് സെക്രട്ടറിയ്ക്ക് കേരള മുനിസിപ്പാലിറ്റി ആക്ടിലെ 406-ാം വകുപ്പു പ്രകാരം പുറപ്പെടുവിപ്പിക്കാവുന്നതും, പണി തുടരുന്നതിൽ നിന്ന് പിന്മാറാൻ നിർദ്ദേശിക്കാവുന്നതുമാണ്. പ്രസ്തുത താത്കാലിക ഉത്തരവ് സ്ഥിരപ്പെടുത്താതിരിക്കാൻ നിർദ്ദിഷ്ട സമയത്തിനുള്ളിൽ സെക്രട്ടറിയ്ക്ക് ആവശ്യപ്പെടാവുന്നതും, തൃപ്തികരമാം വിധം കാരണം കാണിക്കാത്ത പക്ഷം ഉത്തരവ് സ്ഥിരപ്പെടുത്തിനടപടികൾ കൈക്കൊള്ളാവുന്നതുമാണ്. |

കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 18-ലെ വ്യവസ്ഥ പ്രകാരം സർക്കാരിന് പരിശോധനകൾക്കും ബോദ്ധ്യപ്പെടലിനും ശേഷം നടപടികൾ സ്വീകരിക്കാൻ നഗരസഭ സെക്രട്ടറിയോട് ആവശ്യപ്പെടാവുന്നതോ, പെർമിറ്റ് റിവോക്ക് ചെയ്യാവുന്നതോ, പണി നിർത്തി വെയ്പ്പിക്കാവുന്നതോ ആണ്. ഏതൊരു സൈറ്റിന്റേയും അതിരുകൾക്ക് വെളിയിലോട്ട് യാതൊരു നിർമ്മാണവും പ്രൊജക്ട് ചെയ്യാൻ പാടില്ല എന്ന് ചട്ടം 24 (10)-ൽ പ്രതിപാദിക്കുന്നുണ്ട്. കൂടാതെ, ഗേറ്റ് നിർമ്മിച്ച് പൊതുവഴി അടയ്ക്കുന്ന നിർമ്മാണം അനധികൃതമാകുന്ന പക്ഷം, മേൽ സൂചിപ്പിച്ച ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം അനധികൃത നിർമ്മാണത്തിന്മേൽ നടപടികൾ ബന്ധപ്പെട്ട നഗരസഭ സെക്രട്ടറിയ്ക്ക് സ്വീകരിക്കാവുന്നതാണ്.

സെക്ഷൻ ആഫീസർ